## കേരള സർക്കാർ

**സംഗ്രഹം**

എൻ.സി.സി. വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് - 2018-19 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

### ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.1209/2018/ഉവിവ. തീയതി, തിരുവനന്തപുരം, 21.06.2018

---

പരാമർശം :- 1. 19.4.2018 ലെ സ.ഉ(സാധാ) 792/18/ഉവിവ നമ്പർ ഉത്തരവ്.

2. 5.5.2018 ലെ സ.ഉ (സാധാ) 893/18/ഉവിവ നമ്പർ ഉത്തരവ്.

3. എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 9.5.2018, 23.5.18 തീയതികളിലെ 2894/പി3-Pub/2018/NCC നമ്പർ കത്തുകൾ

**ഉത്തരവ്**

എൻ.സി.സി. വകുപ്പുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം '2204-00-102-99-പ്ലാൻ' ശീർഷകത്തിൽ 250 ലക്ഷം രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി '4202-03-800-91 പ്ലാൻ' ശീർഷകത്തിൽ 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ച് പരാമർശം (1) പ്രകാരം 108 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ '2204-00-102-99 (പ്ലാൻ)' ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും വിനിയോഗിച്ച നടപ്പിലാക്കുന്നതിനും പരാമർശം (2) പ്രകാരം 425 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ '4202-03-800-91 പ്ലാൻ' ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും വിനിയോഗിച്ച് നടപ്പാക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതേത്തുടർന്ന്, പരാമർശം (3) പ്രകാരം '2204-00-102-99 പ്ലാൻ' ശീർഷകത്തിൽ 108.09 ലക്ഷം രൂപയുടെ '4202-03-800-91 പ്ലാൻ' ശീർഷകത്തിൽ 312 ലക്ഷം രൂപയുടെയുമുള്ള പ്ലാൻ പ്രൊപ്പോസലുകൾ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത പ്രൊപ്പോസലുകൾ 5-06-2018 ൽ ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും എൻ.സി.സി വകുപ്പിനുവേണ്ടി വിവിധ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി കണ്ടെത്തിയ സ്ഥലത്തിന്റെ ഫെൻസിംഗുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ, സ്ഥലം എൻ.സി.സി വകുപ്പിന് കൈമാറികിട്ടിയതിനുശേഷം മാത്രമേ തുക അനുവദിച്ച നൽകാവൂ എന്ന വ്യവസ്ഥയോടെ, എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രസ്തുത പ്രൊപ്പോസലുകൾ യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. പ്രസ്തുത സാഹചര്യത്തിൽ എൻ.സി.സി വകുപ്പിന് 2018-19 സാമ്പത്തിക വർഷം '4202-03-800-91 പ്ലാൻ' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 312 ലക്ഷം രൂപയും (മൂന്നു കോടി പന്ത്രണ്ട് ലക്ഷം രൂപാ മാത്രം) '2204-00-102-99 (പ്ലാൻ)' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 108.09 ലക്ഷം (ഒരു കോടി എട്ട് ലക്ഷത്തി ഒൻപതിനായിരം രൂപാ മാത്രം) ഇവിടെ ചേർത്തിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

...2.

| ക്രമ നം. | പ്രൊപ്പോസൽ | തുക ലക്ഷത്തിൽ |
|---|---|---|
| 4202-03-800-91 പ്ലാൻ | | |
| 1 | വയനാട് മാനന്തവാടി മക്കിമലയിൽ പുതുതായി ആരംഭിക്കുന്ന പരിശീലന കേന്ദ്രത്തിന്റെ ഓഫീസ് നിർമ്മാണം (ഒന്നാംഘട്ടം) | 312.00 |
| | **ആകെ**<br>**(മൂന്നു കോടി പന്ത്രണ്ട് ലക്ഷം രൂപാ മാത്രം)** | **312.00** |
| 2204-00-102-99 പ്ലാൻ | | |
| 2 | കൊല്ലം 3 കേരളാ നേവൽ എൻ.സി.സി. തേവള്ളി ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റ/നവീകരണ നിർമ്മാണ പ്രവൃത്തി | 8.09 |
| 3 | i) കണ്ണൂർ ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ് ഓഫീസ് നിർമ്മാണത്തിനായി കണ്ടെത്തിയ കണ്ണൂർ തളിപ്പറമ്പ് താലൂക്കിൽ കോറം വില്ലേജിൽ സർവേ നം.36/1 ൽപ്പെട്ട സ്ഥലത്തിന്റെ ഫെൻസിംഗ്<br><br>ii) 28 കേരളാ എൻ.സി.സി ബറ്റാലിയൻ ഓഫീസ് നിർമ്മാണത്തിനായി കണ്ടെത്തിയ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ഷൊർണ്ണൂർ വില്ലേജിൽ സർവേ നം. 261/1 ൽപ്പെട്ട സ്ഥലത്തിന്റെ ഫെൻസിംഗ്<br><br>iii) 5 കേരള എൻ.സി.സി. നേവൽ ബറ്റാലിയന്റെ നേവൽ പരിശീലനകേന്ദ്രം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ വെളിയനാട് വില്ലേജിൽ സർവേ നം. 1/1 ൽപ്പെട്ട സ്ഥലത്തിന്റെ ഫെൻസിംഗ്<br><br>iv) തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പിന്റെ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കല്ലറ വില്ലേജിൽ സർവേ നം. 2953/3 ൽപ്പെട്ട സ്ഥലത്തിന്റെ ഫെൻസിംഗ് | 100.00<br>(സ്ഥലം എൻ.സി.സി വകുപ്പിന് കൈമാറി കിട്ടിയതിനുശേഷം മാത്രമേ തുക അനുവദിക്കാവൂ) |
| | **ആകെ**<br>**(ഒരു കോടി എട്ട് ലക്ഷത്തി ഒൻപതിനായിരം രൂപാ മാത്രം)** | 108.09 |

4. ടി പദ്ധതി പ്രവർത്തനങ്ങൾ നിർവഹിക്കുമ്പോൾ ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

1. യഥാർത്ഥ ചെലവ് സംജാതമാകുമ്പോൾ മാത്രം ആവശ്യാനുസരണം തുക വിതരണം ചെയ്യേണ്ടതാണ്.
2. യഥാർത്ഥ ചെലവ് സംജാതമാകുന്നതിന് മുമ്പായി ,മുൻകൂർ/ അഡ് ഹോക്ക് തുക അനുവദിക്കുവാൻ പാടില്ല.

...3.

3. മൊത്ത ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ മാത്രം പരിമിതമായിരിക്കും.
4. കമ്പ്യൂട്ടർ വാങ്ങലുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് 1.6.2006 ലെ 25/06/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ കർശനമായും പാലിക്കണം.
5. ഇ-ടെൻഡർ സിസ്റ്റം കർശനമായും പിൻതുടരേണ്ടതാണ്.
6. സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ കർശനമായും പാലിക്കണം.
7. നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയം നിജപ്പെടുത്തേണ്ടതും പ്രസ്തുത സമയത്തിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുന്നുണ്ടെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ നേരിട്ട് ഉറപ്പു വരുത്തേണ്ടതുമാണ്.
8. അംഗീകൃത ഏജൻസിയാണ് നിർമ്മാണ പ്രവർത്തനം നിർവഹിക്കുന്നത് എന്നുണ്ടെങ്കിൽ മെമ്മോറാണ്ടം ഓഫ് അണ്ടർ ടേക്കിംഗ്/ കരാറിൽ പണി പൂർത്തീകരിക്കേണ്ട തീയതി, പിഴ സംബന്ധിച്ച വ്യവസ്ഥ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
9. പി.ഡബ്ല്യു.ഡി വർക്കിന് PRICE സോഫ്റ്റ് വെയർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം.ജി. രഞ്ജിത് കുമാർ**

അഡീഷണൽ സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ